ശ്രീ. പി. കെ. വാസുദേവൻനായർ: ബഹുമാനപ്പെട്ട മെമ്പർ തന്നെയാണ് ചോദ്യം ചോദിച്ചിരിക്കുന്നത്. 1977-78 സാമ്പത്തിക വർഷം അവസാനം വരെ എന്നു പറഞ്ഞാൽ ഒരു കൊല്ലത്തേയ്ക്കു മാത്രമുള്ളതല്ല. ആകെ അക്യുമുലേറേഡ് ലോസ് ആണ്. എന്നാൽ പോലും വളരെ ഗൗരവമായിത്തന്നെ ഗവൺമെൻറും ഇതു പരിഗണിക്കുന്നുണ്ട്. തീർച്ചയായും ഈ സ്ഥിതിക്കു മാറ്റം വരണം. അതിനാവശ്യമായ ഗൗരവതരമായ നടപടികളും സ്വീകരിക്കുന്നതിനെക്കുറിച്ച് ഗവൺമെൻറ് ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം ഈ കോർപ്പറേഷനുകളുടെ നടത്തിപ്പിന് കാര്യക്ഷമതയുള്ള മാനേജ്മെൻറ് ഇല്ല എന്നുള്ളതാണ്.

ശ്രീ. ജി. പി. മംഗലത്തുമഠം: മുടക്കുമുതൽ പോലും നഷ്ടപ്പെട്ടിരിക്കുന്ന രണ്ടു സൊസൈറ്റികളാണ് കേരള ഫിഷറീസ് കോർപ്പറേഷനും സിവിൽ സപ്ലൈസ് കോർപ്പറേഷനും. അതിന് എന്തു നടപടി എടുക്കാനാണ് ഉദ്ദേശിക്കുന്നത് ?

ശ്രീ. പി. കെ. വാസുദേവൻനായർ: ഫിഷറീസ് കോർപ്പറേഷന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ സാദ്ധ്യമല്ലാത്ത നിലയ്ക്ക് അതു വേണ്ട എന്നാണ് ഗവൺമെൻറ് കുറെ മുമ്പുതന്നെ തീരുമാനിച്ചത്. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നഷ്ടവും ലാഭവുമൊക്കെ മാറിമാറി വരുന്നതു സ്വാഭാവികമാണ്. എന്നുവെച്ച് നഷ്ടം വരണം എന്നല്ല. മുമ്പൊരിക്കൽ അരിയുടെ കാര്യത്തിൽ വലിയ ബുദ്ധിമുട്ട് ഉണ്ടായപ്പോൾ കേരളത്തിനു പുറത്തു പോയി ഓപ്പൺ മാർക്കറ്റിൽ നിന്നും അരി വാങ്ങിച്ച് വിതരണം നടത്തിയിട്ടുണ്ട്. മന്ത്രിസഭാലെവലിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു അതു ചെയ്തത്. ലാഭവും നഷ്ടവും നോക്കാതെ അതു ചെയ്യണമെന്ന് അന്നു പറഞ്ഞിരുന്നു. അപ്പോൾ ചില നഷ്ടങ്ങളൊക്കെ വന്നിട്ടുണ്ട്. അതു പിന്നീട് നികത്താൻ കഴിഞ്ഞെന്നു വരും.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

മന്ത്രിമാരുടെ സ്വത്തുവിവരം

*293 [310] ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:

ശ്രീ. ടി. എച്ച്. മുസ്തഫ:

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാർ ചാർജ് എടുക്കുമ്പോഴും ചാർജ് വിടുമ്പോഴും അവരുടെ സ്വത്തു വിവരം മുഖ്യമന്ത്രിക്ക് നൽകുന്ന പതിവ് സംസ്ഥാനത്ത് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ചാർജ് എടുക്കുകയും ചാർജ് വിടുകയും ചെയ്തിട്ടുള്ള എല്ലാ മന്ത്രിമാരും അവരുടെ സ്വത്തു വിവരം മുഖ്യമന്ത്രിക്ക് നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ അപ്രകാരം വിവരം നൽകാതിരുന്നിട്ടുള്ള മന്ത്രിമാരും മുൻ മന്ത്രിമാരും ആരൊക്കെയാണ്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ):

(എ) മന്ത്രിമാർ ചാർജ് എടുക്കുമ്പോഴും അതിനു ശേഷം വർഷം തോറും മാർച്ച് 31 ഓടു കൂടിയും സ്വത്തു വിവരം മുഖ്യമന്ത്രിക്ക് നൽകണമെന്ന് വ്യവസ്ഥയുണ്ട്.

(ബി), (സി) മുഖ്യമന്ത്രിമാർ തങ്ങളുടെ പിൻഗാമികൾക്ക് ഇത്തരം സ്റ്റേറ്റ്മെൻറുകൾ കൈമാറണമെന്നില്ലാത്തതുകൊണ്ട് ഇതേ പറ്റി വിവരമില്ല.

ഇപ്പോഴത്തെ മന്ത്രിസഭാംഗങ്ങളിൽനിന്നു സ്വത്തുവിവരം ശേഖരിച്ചു കൊണ്ടിരിക്കുന്നതേയുള്ളു.

ഹരിജനങ്ങളുടെ പരാതികളിൻമേൽ നടപടി എടുക്കാൻ പ്രത്യേക സെൽ

*294 [311] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഐ. ജി. ആഫീസിൽ ഹരിജനങ്ങളുടെ പരാതികൾ സ്വീകരിച്ച് നടപടികളെടുക്കാൻ ഒരു 'സെൽ' രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇത്തരം സെല്ലുകൾ ജില്ലാ പോലീസ് സൂപ്രണ്ട് ഓഫീസുകളിലും സ്ഥാപിക്കാൻ സത്വര നടപടി കൈക്കൊള്ളുമോ?

ആഭ്യന്തര വകുപ്പു മന്ത്രി (ശ്രീ കെ. എം. മാണി):

(എ) ഉണ്ട്. 20.1.1979 മുതൽ ഒരു പോലീസ് സൂപ്രണ്ടിൻെറ അധീനതയിൽ പോലീസ് ഐ. ജി. ഓഫീസിൽ ഒരു സെൽ രൂപീകരിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ ഗവൺമെൻറിൻെറ പരിഗണനയിലില്ല. ആവശ്യമെന്നു ബോദ്ധ്യപ്പെട്ടാൽ പരിഗണിക്കാവുന്നതാണ്.

സിവിൽസപ്ലൈസ് കോർപ്പറേഷൻെറ സഹായത്തോടു കൂടി കൺസ്യൂമർ സ്റ്റോറുകൾ

*295 [312] ശ്രീ. കെ. വി. കുര്യൻ:
ഡോ: ജോർജ് മാത്യു:
ശ്രീ. വി. ജെ. ജോസഫ്:
ശ്രീ. ലോനപ്പൻ നമ്പാടൻ:
ശ്രീ. വി. ററി. സെബാസ്റ്റ്യൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly